# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3370 13.03.17 ൽ മറുപടിയ്ക്ക്**

## വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി

| | ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ് ഫിറ്റ്നസ് പരിശോധന നടത്താതെ നിരത്തിൽ ഓടുന്ന വാഹനങ്ങൾ കണ്ടുപിടിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (എ) | മോട്ടോർവാഹന വകുപ്പ് നിരത്തുകളിൽ നടത്തുന്ന വാഹന പരിശോധനാ വേളയിൽ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ ഫിറ്റ്നസ് പരിശോധന നടത്താത്ത വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരം വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തുന്നതിന് നിലവിൽ എത്ര തുകയാണ് പിഴയീടാക്കുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 പ്രകാരമാണ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചിരിക്കുന്നത്. 29.12.2016-ൽ പുറത്തിറങ്ങിയ ജി.എസ്.ആർ.1183 (ഇ) പ്രകാരം കാലാവധി കഴിഞ്ഞ രജിസ്ട്രേഷൻ പുതുക്കുന്നതിന് ഓരോ മാസത്തേയ്ക്കും മോട്ടോർ സൈക്കിളുകൾക്ക് മുന്നൂറ് രൂപ നിരക്കിൽ ഫീസ് നൽകേണ്ടതാണ്. മറ്റു വാഹനങ്ങൾക്ക് 500/-രൂപയാണ്. |
| (സി) | സ്വകാര്യ വാഹനങ്ങൾ ഇത്തരത്തിൽ ഉപയോഗിക്കുന്നത് തടയാൻ, കാലാവധി കഴിഞ്ഞ വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനക്ക് വിധേയമാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടുതൽ ശക്തമാക്കുന്നത് ഗുണകരമായിരിക്കുമെന്ന് കരുതുന്നുണ്ടോ, ആയത് നടപ്പാക്കുമോ; | (സി) | 29.12.2016 മുതൽ ഇത്തരം അപേക്ഷകളുടെ ഫീസ് കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ കർശനമായി പരിശോധിച്ചതിനുശേഷം മാത്രമേ രജിസ്ട്രേഷൻ പുതുക്കി നൽകാറുള്ളൂ. |
| (ഡി) | ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ ഇൻഷ്വറൻസ് തുക ലഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമോ? | (ഡി) | ഇൻഷ്വറൻസ് തുക നൽകുന്നത് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട വിഷയമാണ്. |

സെക്ഷൻ ഓഫീസർ